# വിഷഭൂമിയിൽ മയങ്ങുന്നവർ

ഡോ. എം. കുര്യൻ തോമസ്

***അ**സ്ഥി* എന്ന പേരിൽ പിൽക്കാലത്ത് ചലച്ചിത്രമാക്കപ്പെട്ട തോമസ് തോമസിന്റെ ഇതേപേരിലുള്ള നോവൽ അല്ല ഇവിടെ പ്രതിപാദ്യ വിഷയം. നമ്മുടെ സ്വന്തം കേരളനാടിന്റെ ഇന്നത്തെ അവസ്ഥയാണ്. അതിനു പ്രചോദനമായത് സമീപകാലത്ത് ഈ ലേഖകൻ കണ്ട ഒരു കാഴ്ചയും.

നഗരപ്രാന്തത്തിലുള്ള ഒരു ഗ്രാമത്തിലെ സാന്ദ്രതയേറിയ ഒരു ജനവാസ മേഖല. അനേകം ഭവനങ്ങൾക്കിടയിൽ വീടില്ലാത്ത ഒരേക്കറോളം തുണ്ട് ഭൂമി. പോയമാസം ഒരു ദിനം തീപിടിച്ചതുപോലെ ആ പറമ്പ് കരിഞ്ഞുണങ്ങിനിൽക്കുന്നു. വൻമരങ്ങൾക്കു തരക്കേടില്ല. പുല്ലും കുറ്റിച്ചെടികളും മാത്രമല്ല വിരൽവണ്ണത്തിലുള്ള വൃക്ഷത്തൈകൾവരെ കരിഞ്ഞുണങ്ങി നിൽക്കുന്നു. അന്വേഷിച്ചപ്പോൾ അവിടെ കളനാശിനി പ്രയോഗിച്ചതാണ്. അതും അമിതമായ അളവിൽ!

ഈ സംഭവത്തിലെ മനുഷ്യാവകാശ ലംഘനമെന്താണന്നു ചിലർ നെറ്റിചുളിച്ചേക്കാം. ഈ ലേഖകന്റെ അറിവനുസരിച്ച് അവിടെ ഉപയോഗിച്ച കളനാശിനിക്ക് വിലക്കുള്ളതാണ്. എന്നാൽ മാർക്കറ്റിൽ സുലഭവും. എന്നുമാത്രമല്ല, തെരുവോരങ്ങൾ വൃത്തിയാക്കാൻ കുറുക്കുവഴി എന്ന നിലയിൽ സർക്കാർ ഏജൻസികളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ഇത്തരം നിരോധിത കളനാശിനികൾ പരക്കെ ഉപയോഗിക്കുന്നു എന്നത് പരസ്യമായ രഹസ്യവുമാണ്. മണ്ണിലടിഞ്ഞ കളനാശിനി അടുത്തമഴയ്ക്ക് സമീപത്തുള്ള അനേകം കിണറുകളിൽ മാത്രമല്ല, നീർച്ചാലുകൾവഴി അനേക ദൂരത്തേയ്ക്കും വ്യാപിക്കും. അനേകകാലം വിഘടിക്കപ്പെടാതെ മണ്ണിലും വെള്ളത്തിലും നിലനിൽക്കുന്ന അത്തരം രാസവസ്തുക്കൾ തലമുറകളോളം വിഷം വമിപ്പിച്ചുകൊണ്ടിരിക്കും. കേരളത്തിലെ വർദ്ധിച്ചുവരുന്ന കാൻസർ രോഗത്തിനു പിന്നിൽ കീട/കളനാശിനികളുടെ വർദ്ധിച്ച ഉപയോഗമാണന്ന വാദം ശക്തമായി നിലനിൽക്കുകയാണ്. ഭൂവിസ്തൃതി കുറവും ജനസാന്ദ്രത കൂടുതലുമുള്ള കേരളത്തിൽ അത്തരമൊരു സാമൂഹ്യദുരന്തത്തിന്റെ സാദ്ധ്യത അപകടകരമാംവിധം ഉയർന്നതാണ്. കാസർഗോഡുണ്ടായ എൻഡോസൾഫാൻ ദുരന്തം നേരിട്ടറിഞ്ഞ മലയാളിക്ക് അതു മനസിലാക്കാൻ മറ്റെങ്ങും പോകേണ്ടതില്ല. മെലിഞ്ഞുനീണ്ട കേരളത്തെ കീറിമുറിച്ചൊഴുകുന്ന 44 പുഴകൾ ഈ ആഘാതത്തിനു ദൃതത്വരകമാകുന്നു എന്നതും വിശദീകരണം ആവശ്യമില്ലാത്ത വസ്തുതയാണ്. ചുരുക്കത്തിൽ ഉപഭോക്താക്കൾ മാത്രമല്ല, നിരപരാധികളായ മറ്റനേകായിരങ്ങളും ഈ വിഷപ്രയോഗത്തിന്റെ ഇരകളാകുന്നു. അവിടെയാണ് ഇത് മനുഷ്യാവകാശ പ്രശ്നമാകുന്നത്.

അന്യസംസ്ഥാനങ്ങളിൽനിന്നെത്തുന്ന പച്ചക്കറികളിലേയും പായ്ക്കറ്റിലടച്ച ഭക്ഷണപദാർത്ഥങ്ങളിലേയും മായവും വിഷവും ഏതാനും മാസങ്ങളായി കേരളത്തിൽ സജീവ ചർച്ചാവിഷയമാണ്. ഭക്ഷണവസ്തുക്കളിലെ വിഷം മലയാളിയുടെ ആരോഗ്യത്തെ അതിവേഗം കാർന്നുതിന്നുന്നു എന്നതിൽ രണ്ടുപക്ഷമില്ല. പക്ഷേ അതിനെ പ്രതിരോധിക്കാൻ മലയാളി എന്തുചെയ്യുന്നു എന്ന ചോദ്യത്തിന് ''ഒന്നുമില്ല'' എന്ന ഞെട്ടിപ്പിക്കുന്ന ഉത്തരമാണ് ലഭിക്കുക എന്നതിൽ രണ്ടുപക്ഷമില്ല.

ഒരു ചെറിയ ഉദാഹരണംകൊണ്ട് ഇതു വ്യക്തമാക്കാം. ലോകത്തെവിടെയും മലയാളിക്ക് അനിവാര്യമായ വസ്തുക്കളാണ് നാളികേരവും കറിവേപ്പിലയും എന്നാണ് പരക്കെ അറിയപ്പെടുന്നത്. ഇവയിൽ എന്തു വിലകൊടുത്താലും അമേരിക്കയിൽ ലഭ്യമല്ലാതിരുന്ന ഒന്നാണ് കറിവേപ്പില. മൂന്നു ദശവൽസരങ്ങൾക്കുമുമ്പ്, കൊച്ചി മുംബൈ വഴി വളഞ്ഞുചുറ്റി മൂന്നു ദിനംകൊണ്ടുമാത്രം ന്യൂയോർക്കിലെത്തുന്ന കാലത്ത്, പെട്ടിക്കുള്ളിൽ കറിവേപ്പിൻ തൈകൾ ഒളിച്ചുകടത്തി കസ്റ്റംസിനെ വെട്ടിച്ച് വിദേശ ജനുസ് ചെടികൾക്കും വിത്തുകൾക്കും നിരോധനമുള്ള അമേരിക്കയിലെത്തിച്ച വീരന്മാരാണ് മലയാളികൾ! എന്നു മാത്രമല്ല, അതിശൈത്യമുള്ള ആ നാട്ടിൽ ചെടിച്ചട്ടിയിൽ കറിവേപ്പ് നട്ട് ഹേമന്തകാലത്ത് വീടിനുള്ളിലും ഇതരകാലങ്ങളിൽ പുറത്തും വെച്ച് ചെറുമരമായി വളർത്തിയെടുക്കുകയും ചെയ്തു. വീട്ടാവശ്യത്തിനുള്ള കറിവേപ്പിലയും പുതിയ തൈകളും അവിടെത്തന്നെ ഉല്പാദിപ്പിക്കുന്ന സ്ഥിതിയിലാണ് ഇന്നു മലയാളികൾ!

ഇങ്ങു കേരളത്തിലോ? അത്യാവശ്യം പുരയിടമുള്ളവർപോലും ഇന്നു കറിവേപ്പു വളർത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല. അവരും കറിവേപ്പില വിലയ്ക്കു വാങ്ങുകയാണ്. ഒരുകാലത്ത് വാടകവീടുകളുടെ പരിസരങ്ങളിൽപ്പോലും കറിവേപ്പു വെച്ചുപിടിപ്പിച്ചിരുന്ന മലയാളിയാണ് ഈ നിലയിലേയ്ക്ക് അധഃപതിച്ചത്! പ്രതികൂല കാലാവസ്ഥയുള്ള അമേരിക്കയിൽ സാധിക്കുമെങ്കിൽ കേരളത്തിലും ഫ്ളാറ്റുകളിൽ ചെടിച്ചട്ടികളിൽ കറിവേപ്പു കൃഷി സാദ്ധ്യമാണ്. പക്ഷേ ഫ്ളാറ്റുകളിൽ പോയിട്ട് ''വില്ലാ'' പരിസരത്തുപോലും ഒരു കറിവേപ്പ് കാണാനില്ല. വെറും നാലുസെന്റ് പുരയിടത്തിൽ വീടുകഴിഞ്ഞുള്ള പരിമിതസ്ഥലത്ത് അലങ്കാര വൃക്ഷമായി കറിവേപ്പ് വളർത്തുന്നവരും അപൂർവമായി ഉണ്ടന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല.

ഇത് ''കറിവേപ്പില പോലെ'' തള്ളിക്കളയാവുന്ന ഒരു നിസാര വസ്തുതയല്ല. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തുന്ന കറിവേപ്പലയുടെ അളവറിഞ്ഞാൽ ഞെട്ടും. ഒരു വ്യാഴവട്ടം മുമ്പ് ഓണം സീസണിൽ തേനി ജില്ലയിലെ ഒരു കർഷകൻ അഞ്ച് ട്രക്ക് ലോഡ് കറിവേപ്പില കേരളത്തിലേയ്ക്കു കയറ്റി അയക്കുന്നതിനു ഈ ലേഖകൻ ദൃക്സാക്ഷിയാണ്. എൻഡോസൾഫാൻ എന്ന മാരകവിഷം ഇന്ന് ഏറ്റവുമധികം ഉപയോഗിക്കുന്നത് കറിവേപ്പില കൃഷിയിലാണന്നാണ് പറയപ്പെടുന്നത് എന്ന വസ്തുതകൂടി ഇതിനോടൊപ്പം പരിഗണിക്കുക. കറിവേപ്പിലയ്ക്ക് പണമായും ആരോഗ്യമായും മലയാളി കൊടുക്കുന്ന വില ഒന്നു കണക്കുകൂട്ടുക!

ചുരുക്കത്തിൽ, യാതൊരു ചിലവും അദ്ധ്വാനവുമില്ലാതെ സ്വയംപര്യാപ്തത നേടവുന്ന നിസാരമായ ഈ ഒരിനത്തിൽപോലും ചെറുവിരൽ അനക്കാതെ വിഷംവാങ്ങിക്കഴിക്കുന്ന മലയാളികൾ അന്യസംസ്ഥാന വിഷപ്പച്ചക്കറികളെപ്പറ്റി വ്യാകുലപ്പെടുന്നതിൽ അർത്ഥമുണ്ടോ?

കേരളത്തെ വിഷഭൂമിയാക്കുന്നതിൽ മലയാളിയുടെ പങ്കും നിസാരമല്ല. മുകളിൽ പറഞ്ഞതുപോലെ ജലസ്രോതസുകളിൽ മുഴുവൻ വിലയ്ക്കുവാങ്ങുന്ന വിഷം കലർത്തുന്നതിലുപരി, മറ്റനേകം മാർഗ്ഗങ്ങളിലും കേരളം വിഷലിപ്തമായിക്കൊണ്ടിരിക്കുകയാണ്. ഇവയിൽ ഏറ്റവും പ്രധാനം യാതൊരു മാനദണ്ഡവുമില്ലാത്ത ''മാലിന്യനിർമ്മാർജ്ജന''മാണ്. അതിനുമുപരി ട്യൂബ്ലൈറ്റുകളും സിഎഫ്എല്ലുകളും സംഭാവനചെയ്യുന്ന അതീവമാരകമായ മെർക്കുറി അടക്കമുള്ള രാസമാലിന്യങ്ങൾ വേറെയും. ഇത് മലയാളിയെ എവിടെ കൊണ്ടെത്തിക്കും? ഇന്ന് മാത്രമല്ല, വരാനുള്ള തലമുറകളിലും. പിറക്കാനിരിക്കുന്ന പൈതങ്ങളുടെ മനുഷ്യാവകാശവും ജീവിക്കാനുള്ള അവകാശവുംകൂടി ലംഘിക്കുകയാണിവിടെ.

കേരളത്തിലെ സർക്കാരും ''പ്രബുദ്ധരായ'' രാഷ്ട്രീയക്കാരും മാദ്ധ്യമങ്ങളും ഈ സ്വയംകൃത വിഷവത്കരണത്തിൽ പ്രത്യക്ഷമായും പരോക്ഷമായും പങ്കാളികളാണ്. അതിന് പൂർത്തീകരിക്കാത്ത, ഒരിക്കലും പൂർത്തീകരിക്കില്ലാത്ത, പ്രസിദ്ധീകരിക്കാത്ത, ഒരിക്കലും പ്രസിദ്ധീകരിക്കില്ലാത്ത ഒരു പഠനറിപ്പോർട്ട് മാത്രം ഉദാഹരണമായെടുത്താൽ മതി. കേരളത്തിലെ തികച്ചും കാർഷികമായ ഒരു താലൂക്കിനെപ്പറ്റി അവിടുത്തെ ഒരുപറ്റം ഉൽബുദ്ധരായ ചെറുപ്പക്കാർ ആരംഭിച്ച പഠനമാണ്. അതിന്റെ ഫലം ഞെട്ടിക്കുന്നതാണ്. ടി. താലൂക്കിൽ സംഭവിക്കുന്ന സ്വാഭാവിക മരണങ്ങളിൽ 70% കാൻസർ രോഗംമൂലമാണ്! ആത്മഹത്യകളിൽ 30% കാൻസർ രോഗികളാണ്!

തുടരന്വേഷണഫലങ്ങളാണ് കൂടുതൽ ശ്രദ്ധേയം. കോടിക്കണക്കിനു രൂപയുടെ രാസവസ്തുക്കളാണ് കള-കുമിൾ-കീടനാശിനികളായും ബൂസ്റ്റർ, പ്ലാന്റ്ടോണിക്, ഹോർമോൺ മുതലായ ഓമനപ്പേരുകളിലും പ്രതിവർഷം അവിടെ വിറ്റഴിയുന്നത്. യാതൊരു വില്പന മാനദണ്ഡങ്ങളോ ലൈസൻസോ ഗുണപരിശോധനയോ കൂടാതെയാണ് വഴിയോരങ്ങളിൽപ്പോലും പെട്ടിക്കടകൾ പോലെയുള്ള സ്ഥാപനങ്ങളിലൂടെ ഉയർന്ന വിലയ്ക്ക് ഇവ വിതരണം ചെയ്യപ്പെടുന്നത്! ഇവയുടെ ഗുണദോഷഫലങ്ങളേപ്പറ്റി ആർക്കും അറിയില്ല. ഇവയിൽപലതും ഓരോവർഷവും നവനാമങ്ങളിലാണ് പ്രത്യക്ഷപ്പെടുന്നത്!

ഈ കള്ളക്കച്ചവടത്തിന്റെ പൊരുളറിയണമെങ്കിൽ അവയിലൊന്നിന്റെ പ്രാഭവകേന്ദ്രം തേടി ഇവർ നടത്തിയ അന്വേഷണം ശ്രദ്ധിച്ചാൽ മതി. പായ്ക്കറ്റിലുള്ള ഫോൺ നമ്പർ ''നിലവിലില്ല''. ഉല്പാദകന്റെ അന്യസംസ്ഥാന വിലാസത്തിൽ അയച്ച കത്തിനു ''വിലാസക്കാരനില്ല''. രജിസ്റ്റർ ചെയ്തയച്ച കത്തിന്റെ സ്ഥിതിയും തഥൈവ!

അടുത്ത അര നൂറ്റാണ്ട് പാഴ്ഭൂമിയായി ഇട്ടാലും ഈ കൃഷിയിടങ്ങൾ വിഷവിമുക്തമാകില്ലെന്നാണ് അവരുടെ കണ്ടെത്തൽ. എന്നു മാത്രമല്ല, ഒന്നിലധികം നഗരങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്ന നദികളുടെ പ്രാഭവകേന്ദ്രവും ഈ പ്രദേശമാണ്. ചുരുക്കത്തിൽ കേരളത്തിലെ വിദൂര നഗരങ്ങൾപോലും ഈ ഭീഷണിയിൽനിന്നും വിമുക്തമല്ലന്നു സാരം.

ശ്രദ്ധയിൽപ്പെടുത്തിയിട്ടും അതീവഗുരുതരമായ ഈ കണ്ടെത്തലുകളെ പരിഗണിക്കാൻപോലും ഉത്തരവാദിത്വപ്പെട്ട സർക്കാർ വകുപ്പുകളോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, രാഷ്ട്രീയ കക്ഷികളോ, മാദ്ധ്യമങ്ങളോ, മതസംഘടനകൾ പോലുമോ തയാറായില്ല എന്നതാണ് പരിതാപകരം. എന്നു മാത്രമല്ല, അന്വേഷണം പാതിവഴിയിൽ ഉപേക്ഷിക്കുവാൻ ആ ചെറുപ്പക്കാർ നിർബന്ധിതരാവുംകയും ചെയ്തു. കാരണം വിശദീകരണം ആവശ്യമില്ലാത്തവിധം വ്യക്തം. പ്രബുദ്ധ കേരളത്തിന്റെ സ്ഥിതി ഇതാണെങ്കിൽ ''അപരിഷ്കൃതങ്ങളായ'' ഇതര സംസ്ഥാനങ്ങളെ കുറ്റം പറഞ്ഞിട്ടു കാര്യമുണ്ടോ? എല്ലാവരും പരമാവധി ലാഭം ഉണ്ടാക്കാനും വരുമാനം വർദ്ധിപ്പിക്കാനുമല്ലേ ശ്രമിക്കുന്നത്? ഇത് എവിടെ അവസാനിക്കും?

കേരളം ഉണരേണ്ടിയിരിക്കുന്നു. ആദ്യം സ്വന്തം ചുറ്റുവട്ടത്തെ വിഷവിമുക്തമാക്കുക. അപ്പോൾ സ്വാഭാവികമായും ഈ വിപണി കാംക്ഷിക്കുന്ന ഇതര ഉത്പാദകരും ആ പാത പിന്തുടരാൻ നിർബന്ധിതരാവും. ഒരു കറിവേപ്പിൽനിന്നാകട്ടെ അതിനു തുടക്കം. ഒന്ന് എല്ലാവരും ഓർക്കേണ്ടതുണ്ട്. ഈ ഭൂമി ഈ തലമുറയുടെ മാത്രം സ്വകാര്യസ്വത്തല്ല. അതിന് ഇനിയും അവകാശികൾ വരാനുണ്ട്. അവരുടെ അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതാണ്.

''...നോക്ക്. സുജലയും സുഫലയുമായ പ്രകൃതി. ഉദാരയായ പ്രകൃതി. നമ്മെ പരിചരിയ്ക്കാനൊരുങ്ങി നിൽക്കുന്നു. അവളുടെ ഔദാര്യത്തെ നാം ചൂഷണം ചെയ്യരുത്. നമുക്കത്യാവശ്യം വേണ്ടത്, നമ്മുടെ ശരീരം നിലനിർത്താൻ വേണ്ടത്, മാത്രമേ നാം കൈക്കൊള്ളാവൂ....'' (കെ. പി. ബാബുദാസ്, *അഹം ബ്രഹ്മാസ്മി*, 1981)

*വാൽക്കഷണം* - സമീപകാലത്ത് ചിലകോണുകളിലെങ്കിലും വിഷവിമുക്ത പച്ചക്കറിയിലെ സ്വയംപര്യാപ്തതയ്ക്കുള്ള ശ്രമങ്ങൾ ഉയർന്നു വരുന്നുണ്ട്. അത്രയും നല്ലത്. പക്ഷേ ഈ കഴിഞ്ഞ ഓണക്കാലത്ത് വില്പനവിലയുടെ പകുതിപോലും ലഭിക്കാത്ത സാഹചര്യത്തിൽ സ്വയം വിറ്റഴിക്കാൻ ശ്രമിച്ചതിന് വ്യാപാരികളാൽ പോലീസ് സഹായത്തോടെ തുരത്തപ്പെട്ട കർഷകനും, ജൈവ പച്ചക്കറിക്ക് വിപണി ലഭിക്കാതെ കന്നുകാലികൾക്ക് അവ തീറ്റയാക്കേണ്ടിവന്ന വീട്ടമ്മയും, കടലിൽ പോകുന്ന മുക്കുവരിൽനിന്നും മൽസ്യത്തിനു പത്ത് ശതമാനത്തിലധികം കമ്മീഷൻ ഈടാക്കരുതെന്നു നോട്ടീസ് പതിച്ചതിനു ''വർഗ്ഗീയവാദി'' എന്നു മുദ്രകുത്തപ്പെട്ട ഹതഭാഗ്യനും കേരളത്തിലുണ്ടായി! ഉയർന്ന വിലയ്ക്ക് വിഷം വാങ്ങിക്കഴിച്ചു ചാകാനേ മലയാളിക്കു യോഗമുള്ളു!

(*സാമൂഹ്യനീതി*– സെപ്റ്റംബർ 2015)